ചുരുക്കത്തിൽ

സിപിഐ എം ഇന്ന് ഗൗരിയമ്മയുടെ ഓർമ പുതുക്കും

ആലപ്പുഴ

കെ ആർ ഗൗരിയമ്മയുടെ രണ്ടാം ചരമവാർഷികം സിപിഐ എം നേതൃത്വത്തിൽ വ്യാഴാഴ്ച ആചരിക്കും. രാവിലെ എട്ടിന് ആലപ്പുഴ വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിലെ ഗൗരിയമ്മയുടെ സ്മൃതികുടീരത്തിൽ പുഷ്പാർച്ചന നടക്കും.

തുടർന്നുചേരുന്ന അനുസ്മരണയോഗത്തിൽ സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം സി എസ് സുജാത, ജില്ലാ സെക്രട്ടറി ആർ നാസർ, സംസ്ഥാന കമ്മിറ്റിയംഗം സി ബി ചന്ദ്രബാബു, എ എം ആരിഫ് എംപി, എംഎൽഎമാരായ പി പി ചിത്തരഞ്ജൻ, എച്ച് സലാം എന്നിവർ സംസാരിക്കും.

മോഖ ചുഴലിക്കാറ്റ് 3 ജില്ലയിൽ ഇന്ന് മഞ്ഞ അലർട്ട്

തിരുവനന്തപുരം

ബംഗാൾ ഉൾക്കടലിലെ തീവ്ര ന്യൂനമർദം ബുധൻ രാത്രിയോടെ 'മോഖ' ചുഴലിക്കാറ്റായി മാറുമെന്ന് കാലാവസ്ഥാവകുപ്പ്. ഈ വർഷത്തെ ആദ്യ ചുഴലിക്കാറ്റാകും 'മോഖ'. ഇതിന്റെ സ്വാധീനത്തിൽ സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. വ്യാഴം പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ മഞ്ഞ അലർട്ട് (ശക്തമായ മഴ) പ്രഖ്യാപിച്ചു. ചുഴലിക്കാറ്റ് വ്യാഴം തീവ്ര ചുഴലിക്കാറ്റായും വെള്ളി മണിക്കൂറിൽ 160 കിലോമീറ്റർവരെ വേഗതയുള്ള അതിതീവ്ര ചുഴലിക്കാറ്റായും ശക്തിപ്രാപിച്ചേക്കും. തുടർന്ന് ശക്തികുറഞ്ഞ് ഞായറോടെ ബംഗ്ലാദേശിനും മ്യാന്മാറിനും ഇടയിൽ കരയിൽ പ്രവേശിക്കും. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു തടസ്സമില്ല.

മനുഷ്യാവകാശ കമീഷൻ കേസെടുത്തു

തിരുവനന്തപുരം

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കിടെ ഡോക്ടറെ കുത്തിക്കൊന്ന കേസിൽ മനുഷ്യാവകാശ കമീഷൻ സ്വമേധയാ കേസെടുത്തു. ഏഴ് ദിവസത്തിനകം റിപ്പോർട്ട് നൽകാൻ കൊല്ലം ജില്ലാ പൊലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ കമീഷൻ അംഗം വി കെ ബീനാകുമാരിയാണ് ഉത്തരവിട്ടത്.

കരട് നിയമഭേദഗതിക്ക് മന്ത്രിസഭയുടെ അംഗീകാരം

ലഹരി പരസ്യത്തിന് പിഴ ഇരട്ടിയാകും

മന്ത്രിസഭ
വാർത്ത

സ്വന്തം ലേഖകൻ

തിരുവനന്തപുരം

നിയമം ലംഘിക്കുന്ന ലഹരി പരസ്യങ്ങൾക്കുള്ള പിഴത്തുക 50,000 രൂപയായി ഉയർത്തുന്നതിനുള്ള അബ്കാരി നിയമ ഭേദഗതി കരടുബില്ലിന് മന്ത്രിസഭ അംഗീകാരം നൽകി. അബ്കാരി നിയമം 67 എ പ്രകാരം രാജിയാക്കാവുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 55 എച്ച്, 55 ഐ സെക്ഷനുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്കാണ് പിഴത്തുക ഉയർത്തുന്നത്.

സിനിമയില ലഹരി ഉപയോഗിക്കുന്ന ദൃശ്യം വരുമ്പോൾ നിയമപ്രകാരമുള്ള മുന്നറിയിപ്പ് നൽകണമെന്ന വ്യവസ്ഥയിലാണ് ശിക്ഷ ഒഴിവാക്കി പിഴത്തുക വർധിപ്പിച്ചുള്ള ഭേദഗതി. നിയമം പാലിക്കാതെയുള്ള മദ്യക്കമ്പനികളുടെ പരസ്യത്തിന് ആറുമാസം തടവും 25,000 രൂപ പിഴയും എന്നതിലെ പിഴയും ഉയർത്തി. പിഴ ഒടുക്കാൻ സന്നദ്ധമായില്ലെങ്കിൽ തടവുശിക്ഷയ്ക്കുള്ള കേസ് നിലനിൽക്കും.

പലപ്പോഴും ഇത്തരം നിയമലംഘനം സാങ്കേതികപ്പിഴവുകൾകൊണ്ടോ കേരളത്തിലെ നിയമവ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞതമൂലമോ സംഭവിക്കുന്നതാണെന്ന കണ്ടെത്തലിനെ തുടർന്നാണ് തടവുശിക്ഷ ഒഴിവാക്കാവുന്ന കുറ്റമായി പരിഗണിക്കുന്നത്. കേരളം കൂടുതൽ വ്യവസായ സൗഹൃദമാക്കാനുള്ള നടപടികളുടെകൂടി ഭാഗമായാണ് നിയമഭേദഗതി കൊണ്ടുവരുന്നത്.

സപ്ലൈകോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

തിരുവനന്തപുരം

സപ്ലൈകോ ജീവനക്കാർക്ക് 11–ാം ശമ്പള പരിഷ്കരണം അനുവദിച്ചു. ധന വകുപ്പ് അംഗീകരിച്ച ശമ്പള സ്കെയിലും നിബന്ധനകളും ഉൾപ്പെടുത്തിയാണ് മന്ത്രിസഭായോഗ തീരുമാനം.

ജോലി സമയത്തിൽ ഇളവ്

ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക് ജോലി സമയത്തിൽ ഇളവുനൽകും. ഒരുമാസം ആകെയുള്ള ജോലി സമയത്തിൽ പരമാവധി 16 മണിക്കൂർ അധിക ഇളവ് അനുവദിക്കും.

നിദാ ഫാത്തിമയുടെ കുടുംബത്തിന് ധനസഹായം

ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിന് നാഗ്പൂരിലെത്തി അസുഖബാധിതയായി മരണപ്പെട്ട അമ്പലപ്പുഴ സ്വദേശിനി നിദാ ഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അഞ്ചുലക്ഷം രൂപ ധനസഹായം അനുവദിച്ചു.

കെഎംഎസ്സിഎല്ലിന് 1.22 ഏക്കർ സ്ഥലം

കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് (കെഎംഎസ്സിഎൽ) മരുന്നുകളുടെ ഗുണനിലവാര പരിശോധനാ കേന്ദ്രം നിർമിക്കാനും ആസ്ഥാനമന്ദിരം വിപുലീകരിക്കാനും സ്ഥലം അനുവദിച്ചു. തിരുവനന്തപുരം തൈക്കാട് വില്ലേജിലാണ് ഒരു ഏക്കർ 22 സെന്റ് സ്ഥലം അനുവദിച്ചത്. 21.08 ലക്ഷം രൂപ വാർഷിക പാട്ടത്തിൽ 30 വർഷത്തേക്ക് വ്യവസ്ഥകളോടെയാണ് പാട്ടഭൂമി അനുവദിക്കുക.

നാട്ടിക കോളേജിന് പുതിയ തസ്തിക

നാട്ടിക എസ്എൻ കോളേജിൽ മൂന്ന് മലയാള അധ്യാപക തസ്തിക സൃഷ്ടിക്കും.

ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന് തസ്തിക

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ മൂന്നു പുതിയ തസ്തിക സൃഷ്ടിക്കും. ജോയിന്റ് ഡയറക്ടർ, കൺസൾട്ടന്റ്, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് സൃഷ്ടിക്കുക. ആദ്യത്തെ രണ്ടിൽ കരാർ അടിസ്ഥാനത്തിലും മൂന്നാമത്തേത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസ വേതനത്തിലുമാകും നിയമിക്കുക.

പ്രളയാവശിഷ്ടം നീക്കൽ: കുടിശ്ശിക നൽകും

നദികളിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽത്തുക അനുവദിക്കാൻ തീരുമാനിച്ചു. നാല്പതു കോടി മുപ്പത്തിയാറുലക്ഷത്തി എണ്ണായിരത്തി ഇരുനൂറ്റി അറുപത്തഞ്ചു രൂപയുടെ ഫണ്ടാണ് അനുവദിച്ചത്. പ്രളയാനന്തരം നദികളിൽ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് തയ്യാറാക്കിയ കരട് മാർഗ നിർദേശത്തിന് മന്ത്രിസഭായോഗം അംഗീകാരം നൽകി.

ഒയൂരിൽ ഫയർ സ്റ്റേഷൻ

കൊല്ലം ഓയൂരിൽ പുതിയ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കും.

പിആർഡിക്ക് വാഹനങ്ങൾ

വിവര പൊതുജന സമ്പർക്ക വകുപ്പിന് പുതിയ എട്ട് വാഹനം വാങ്ങുന്നതിന് അനുമതി നൽകി.

പരിഹാര വനവൽക്കരണം

പാലക്കാട് ഐഐടിക്കായി വനംവകുപ്പിൽനിന്ന് ഏറ്റെടുത്ത 18.14 ഹെക്ടർ ഭൂമിക്കുപകരം പരിഹാര വനവൽക്കരണത്തിനായി ഭൂമി അനുവദിച്ചു. അട്ടപ്പാടി താലൂക്കിൽ 20.022 ഹെക്ടർ ഭൂമിയാണ് വനം വകുപ്പിന് കൈമാറുക.

സിസിടിവി പദ്ധതികൾ

കെൽട്രോണിന് 4 പതിറ്റാണ്ടിന്റെ അനുഭവം

- ഇന്ത്യൻ പാർലമെന്റിലും പ്രധാനമന്ത്രിയുടെ വസതിയിലും സുരക്ഷാ സംവിധാനമൊരുക്കി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കെൽട്രോൺ സിസിടിവി കാമറാ പദ്ധതികൾ ഏറ്റെടുത്തു തുടങ്ങിയത് നാലു പതിറ്റാണ്ടുമുമ്പ്. എൺപതുകളിൽ ഇന്ത്യൻ പാർലമെന്റ് മന്ദിരവും അനക്സും ഉൾപ്പെടെ നൂറോളം കാമറകളും അനുബന്ധ ഉപകരണങ്ങളും കൂട്ടിയിണക്കി ബൃഹത്തായ സെക്യൂരിറ്റി സർവയലൻസ് സിസ്റ്റം ഒരുക്കിയത് കെൽട്രോണായിരുന്നു. തുടർന്ന് പ്രധാനമന്ത്രിയുടെ വീട് അടക്കമുള്ള തന്ത്രപ്രധാന മേഖലകളിൽ സുരക്ഷാ സംവിധാനം ഒരുക്കിയതും കെൽട്രോണായിരുന്നെന്ന് സ്ഥാപനത്തിൽ തുടക്കം മുതൽ പ്രവർത്തിക്കുകയും എംഡിയായി പടിയിറങ്ങുകയും ചെയ്ത സതീഷ്കുമാർ പറയുന്നു.

ഇന്ത്യയിലുടനീളമുള്ള താപ വൈദ്യുതി നിലയങ്ങളിലെ കൺട്രോൾ ഇൻസ്ട്രമെന്റേഷൻ സംവിധാനങ്ങൾ നിർമിച്ച് പ്രവർത്തിപ്പിച്ചു. ആകാശവാണി എഫ്എം ട്രാൻസ്മിഷൻ തുടങ്ങിയ കാലത്ത് സ്റ്റുഡിയോയ്ക്കും ട്രാൻസ്മിഷനും ആവശ്യമായ ഉപകരണങ്ങൾ തദ്ദേശീയമായി വികസിപ്പിച്ച് നിർമിച്ച് നൽകിയ സാങ്കേതികവിദ്യ സ്വന്തമാക്കിയ ചുരുക്കം കമ്പനികളിലൊന്നാണ് കെൽട്രോൺ.

രാജ്യത്തെ നിരവധി നഗരങ്ങളിലെ ഓട്ടോമാറ്റിക് ട്രാഫിക് മാനേജ്മെന്റ് സംവിധാനം നടപ്പാക്കിയതും രാജ്യത്തെ ആദ്യ മെട്രോലൈനായ കൊൽക്കത്താ മെട്രോയുടെ ഓട്ടോമാറ്റിക് പാസഞ്ചർ മാനേജ്മെന്റ് സംവിധാനം നടപ്പാക്കിയതും കെൽട്രോണാണ്. യുദ്ധ കപ്പലുകളുടെ ഓട്ടോപൈലറ്റും നിയന്ത്രണ സംവിധാനങ്ങളും അടങ്ങിയ പാക്കേജുകളും നടപ്പാക്കി. പൊതു മേഖലയിലെയും സ്വകാര്യ മേഖലയിലെയും പ്രമുഖ കമ്പനികളുമായി മത്സരിച്ചാണ് ഇവയിലൊക്കെ കെൽട്രോൺ കരാർ സ്വന്തമാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

എസ്ആർഐടി പറയുന്നു

കേരളത്തിൽ പുതിയ പദ്ധതികൾക്കില്ല

സ്വന്തം ലേഖകൻ

തിരുവനന്തപുരം

രാഷ്ട്രീയ നേട്ടത്തിനായുള്ള അപവാദ പ്രചാരണം വേദനിപ്പിച്ചെന്നും കേരളത്തിൽ ഇനി പുതിയ പദ്ധതികൾ ഏറ്റെടുക്കില്ലെന്നും എസ്ആർഐടി സിഇഒ ഡോ. മധു നമ്പ്യാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരളത്തെക്കുറിച്ച് പറഞ്ഞുകേട്ടിരുന്ന പ്രശ്നങ്ങളൊന്നും പദ്ധതി പൂർത്തിയാക്കുന്നതുവരെ ഉണ്ടായില്ല. സർക്കാരിൽനിന്ന് മികച്ച പിന്തുണ ലഭിച്ചു. പദ്ധതി പൂർത്തിയാക്കിയശേഷം ചില രാഷ്ട്രീയ നേതാക്കളും മാധ്യമങ്ങളും അപവാദം പ്രചരിപ്പിച്ചു. ഇതിനിടയിൽ ആരും ഞങ്ങളെ ബന്ധപ്പെടുകയോ അഭിപ്രായം തേടുകയോ ചെയ്തില്ല. പദ്ധതി സംബന്ധിച്ച രേഖകൾ നൽകാനും സംശയങ്ങൾക്ക് മറുപടി നൽകാനും തയ്യാറായിരുന്നു. 850 കോടിയോളം രൂപ ചെലവിടുന്ന മറ്റൊരു പദ്ധതികൂടി ആലോചനയിലുണ്ടായിരുന്നു. ഇനി അതിനില്ല.

ലാഭം 10 ശതമാനത്തിൽ താഴെമാത്രം

എസ്ആർഐടി കൊള്ളലാഭം നേടുന്നുവെന്ന പ്രചാരണം വസ്തുതാവിരുദ്ധമാണ്. ആകെ ലാഭം 10 ശതമാനത്തിൽ താഴെമാത്രമാണ് പ്രതീക്ഷിച്ചത്. 151 കോടിയുടെ പദ്ധതിയിൽ ഏഴു വർഷത്തിനുശേഷം ലഭിക്കുന്ന പ്രതീക്ഷിച്ച ലാഭം 13 കോടി രൂപ മാത്രമാണ്. അതിലും കുറവുവരും. 100 കോടിയിലധികം പദ്ധതിക്കായി മുൻകൂറായി നിക്ഷേപിച്ചു. 23 കോടി സർക്കാരിന് ജിഎസ്ടി ഇനത്തിലും ആറു കോടി കെൽട്രോണിന് സെക്യൂരിറ്റി ഡെപ്പോസിറ്റായും നൽകി.

അൽഹിന്ദും ലൈറ്റ് മാസ്റ്ററും പങ്കാളിയല്ല

പദ്ധതിക്കായി കരാർ ലഭിച്ചശേഷം പ്രസാഡിയോയും അൽഹിന്ദും ചേർന്ന് എസ്ആർഐടിയെ സമീപിച്ചു. പദ്ധതിയിൽ ചേർന്നു പ്രവർത്തിക്കുന്നതിനുള്ള താൽപ്പര്യം അറിയിച്ച് കരാർവച്ചു. സാങ്കേതിക കാരണം പറഞ്ഞ് അൽഹിന്ദ് പിന്മാറി. പിന്നീട് ലൈറ്റ് മാസ്റ്റർ എന്ന കമ്പനി വന്നു. ഫണ്ട് ക്രമീകരിക്കാൻ കഴിയാത്തതിനാൽ ആ കരാറും റദ്ദാക്കി. തുടർന്ന് എസ്ആർഐടിയുടെ ഫണ്ടിങ് പങ്കാളിയായ ഇ സെൻട്രിക് എത്തുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ ബന്ധുവിന് പങ്കാളിത്തമില്ല

മുഖ്യമന്ത്രിയുടെ ബന്ധുവിന്റെ പേര് കേൾക്കുന്നത് വിവാദത്തിൽ ആ പേര് ഉയർന്നതിനു ശേഷമാണ്. വിവാദം ഉയർന്ന ശേഷം പ്രസാഡിയോയുമായി ബന്ധപ്പെട്ടു. കമ്പനിയിൽ മുഖ്യമന്ത്രിയുടെ ബന്ധുവിന് പങ്കാളിത്തമില്ലെന്ന് അവർ അറിയിച്ചു. ഒരു യോഗത്തിലും മുഖ്യമന്ത്രിയുടെ ബന്ധു പങ്കെടുത്തിട്ടില്ല.

തന്റെ കണ്ണൂർ ബന്ധത്തെക്കുറിച്ച് ചോദിച്ച മാധ്യമങ്ങൾക്കും അദ്ദേഹം മറുപടി നൽകി. താൻ ജനിച്ചതും വളർന്നതുമെല്ലാം മുംബൈയിലാണ്. 14–ാം വയസ്സിലാണ് ആദ്യമായി കണ്ണൂരിൽ വന്നത്. തുടർന്ന് വല്ലപ്പോഴുമാണ് കണ്ണൂരിൽ വന്നിരുന്നത്. മലയാളം എഴുതാനും വായിക്കാനും അറിയില്ല. എന്നാൽ, സംസാരിക്കാൻ അച്ഛനും അമ്മയും പഠിപ്പിച്ചിരുന്നതായും മധു നമ്പ്യാർ പറഞ്ഞു.

താനൂർ അപകടം

ബോട്ട് സ്രാങ്ക് ദിനേശനുൾപ്പെടെ 4 പേർ അറസ്റ്റിൽ

- ഒരു ബോട്ട് ജീവനക്കാരൻ ഒളിവിൽ


അറസ്റ്റിലായ ദിനേശൻ, മുഹമ്മദ് ഷാഫി, സലാം, വാഹിദ്

സ്വന്തം ലേഖകൻ

താനൂർ (മലപ്പുറം)

ഒട്ടുംപുറം പൂരപ്പുഴയിൽ അപകടത്തിൽപ്പെട്ട ബോട്ടിന്റെ സ്രാങ്ക് ഉൾപ്പെടെ ഒളിവിലായിരുന്ന നാലുപേർ അറസ്റ്റിൽ. അപകടദിവസം ബോട്ട് ഓടിച്ച വാളപ്പുറത്ത് ദിനേശൻ (45), ബോട്ടുടമ നാസറിന്റെ സഹോദരൻ പാട്ടരകത്ത് സലാം (53), ബന്ധുവായ പാട്ടരകത്ത് വാഹിദ് (27), വളപ്പിലകത്ത് മുഹമ്മദ് ഷാഫി (37) എന്നിവരെയാണ് അന്വേഷകസംഘം താനൂരിൽനിന്ന് അറസ്റ്റുചെയ്തത്. ഒരു ബോട്ട് ജീവനക്കാരൻ ഒളിവിലാണ്. നാസറിനെ രക്ഷപ്പെടാൻ സഹായിച്ചതിനാണ് മറ്റ് മൂന്നുപേരുടെ അറസ്റ്റ്.

കൊലക്കുറ്റംചുമത്തി റിമാൻഡ് ചെയ്ത നാസറിനെ പൊലീസ് കസ്റ്റഡിയിൽ കിട്ടാൻ അടുത്ത ദിവസം കോടതിയിൽ അപേക്ഷ നൽകും. അറസ്റ്റിലായ ദിനേശനെയും മറ്റുള്ളവരെയും പ്രത്യേക അന്വേഷകസംഘം ചോദ്യംചെയ്തശേഷം പരപ്പനങ്ങാടി ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

അറ്റ്ലാന്റിക് ബോട്ട് ഫോറൻസിക് വിഭാഗം പരിശോധിച്ചു. ജോ. ഡയറക്ടർ ആർ റാഹില, മലപ്പുറം സയന്റിഫിക് ക്രൈം ബ്രാഞ്ചിലെ ശ്രീക്കുട്ടി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. താനൂർ ഡിവൈഎസ്പി വി വി ബെന്നിയുടെ നേതൃത്വത്തിൽ 15 അംഗ പ്രത്യേക സംഘമാണ് കേസ് അന്വേഷിക്കുന്നത്.

132ഉം 100ഉം ഒന്നെന്ന് സതീശൻ

കാമറയിൽനിന്ന് തലയൂരാൻ പ്രതിപക്ഷം

- വസ്തുത തെല്ലുമില്ലാത്ത അഴിമതി ആരോപണങ്ങൾ നിരന്തരം ഉന്നയിച്ചതോടെ മാധ്യമങ്ങൾക്കും നേതാക്കൾക്കുമെതിരെ കമ്പനികൾ നിയമനടപടി തുടങ്ങി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം

എഐ കാമറ വിവാദം തിരിഞ്ഞുകുത്തിയതോടെ തടിതപ്പാൻ പ്രതിപക്ഷം. തങ്ങൾക്ക് കിട്ടിയ പല വിവരവും തെറ്റായിരുന്നെന്ന വിലയിരുത്തലിലാണ് നേതാക്കൾ. പ്രതിപക്ഷ നേതാവ് വി ഡി സതീശനോ രമേശ് ചെന്നിത്തലയ്ക്കോ തങ്ങൾ പറഞ്ഞ കാര്യങ്ങൾ സ്ഥാപിക്കാനോ പറഞ്ഞതിലെ വൈരുധ്യങ്ങൾ വിശദീകരിക്കാനോ കഴിഞ്ഞില്ലെന്ന വിലയിരുത്തലിലാണ് മാധ്യമങ്ങളും.

കെൽട്രോണിനെയും മികച്ച നിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളെയും അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ ഉന്നയിച്ച് അപകീർത്തിപ്പെടുത്തുകയായിരുന്നു. എൽഡിഎഫ് സർക്കാരിനോടുള്ള കടുത്ത വിരോധംകൊണ്ട് വസ്തുത തെല്ലുമില്ലാത്ത അഴിമതി ആരോപണങ്ങൾ നിരന്തരം ഉന്നയിച്ചതോടെ മാധ്യമങ്ങൾക്കും നേതാക്കൾക്കുമെതിരെ കമ്പനികൾ നിയമനടപടിയും തുടങ്ങി.

ചൊവ്വാഴ്ച സതീശൻ വാർത്താസമ്മേളനം വിളിച്ചെങ്കിലും ഉപേക്ഷിച്ചു. ബുധനാഴ്ച വാർത്താസമ്മേളനത്തിൽ പറഞ്ഞതാകട്ടെ തനിക്ക് മറുപടി പറയേണ്ടത് എം വി ഗോവിന്ദനല്ല മുഖ്യമന്ത്രിയാണ് എന്നാണ്. രണ്ട് നേതാക്കൾ പറഞ്ഞതിലെ വൈരുധ്യം മാധ്യമ പ്രവർത്തകർ ചൂണ്ടിക്കാട്ടിയപ്പോൾ രണ്ടും ഒന്നാണെന്ന വിശദീകരണവും. 132ഉം 100ഉം പറഞ്ഞതും ശരിയാണ്. ചെലവഴിക്കാത്ത 66 കോടി കൂടി ഉൾപ്പെടുത്തിയാണ് ചെന്നിത്തല പറഞ്ഞതെന്നായി. സതീശന്റെ വാദമാണ് ശരിയെങ്കിൽ, ചെന്നിത്തല ഉന്നയിച്ച യഥാർഥ അഴിമതി 66 കോടി രൂപയുടേത് മാത്രമാകും. എന്നാൽ, മെയ് രണ്ടിന് രമേശ് ചെന്നിത്തല കാസർകോട്ട് പറഞ്ഞത് പദ്ധതിക്ക് കേവലം 100 കോടിയുടെ ചെലവേ ഉള്ളൂ, 132 കോടിയുടെ അഴിമതി നടത്തിയെന്നാണ്.

എം വി ഗോവിന്ദന്റെ വാർത്താസമ്മേളനത്തിൽ കോൺഗ്രസ് നേതാക്കളുടെ കണക്കിലെ വൈരുധ്യങ്ങൾ മാത്രമല്ല, മാധ്യമങ്ങളും പ്രതിപക്ഷവും പ്രചരിപ്പിച്ച ഒരുകാര്യത്തിലും വസ്തുതയില്ലെന്ന് കണക്കുസഹിതം വിശദമാക്കിയിരുന്നു. അതിന് മറുപടി ഇല്ലാതായപ്പോഴാണ് മുഖ്യമന്ത്രി പറയട്ടേ എന്ന മുട്ടാപ്പോക്കിലേക്ക് സതീശൻ എത്തിയത്. സ്വന്തം വിശ്വാസ്യത കളഞ്ഞുകുളിച്ച പ്രതിപക്ഷവും മാധ്യമങ്ങളും ഒരിക്കൽക്കൂടി നടത്തിയ പൊറാട്ടുനാടകമായി ഒടുങ്ങുകയാണ് എഐ കാമറ വിവാദവും.

ഡോക്ടറെ കുത്തിക്കൊന്ന സംഭവം

പൊലീസ് മേധാവി ഓൺലൈനായി ഹാജരാകണം

കൊച്ചി

കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദനയെ ചികിത്സയ്ക്ക് എത്തിയയാൾ കുത്തിക്കൊന്നതിൽ സംസ്ഥാന പൊലീസ് മേധാവി റിപ്പോർട്ട് നൽകണമെന്ന് ഹൈക്കോടതി. വ്യാഴം രാവിലെ പൊലീസ് മേധാവി ഓൺലൈനായി ഹാജരാകണം.

ആശുപത്രി സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനോടും നിർദേശിച്ചു. സംഭവം നടന്ന മുറിയുടെയും പരിസരപ്രദേശങ്ങളുടെയും സിസിടിവി ദൃശ്യങ്ങൾ സൂക്ഷിക്കുന്നെന്ന് ആശുപത്രി സൂപ്രണ്ട് ഉറപ്പാക്കണമെന്നും പ്രത്യേക സിറ്റിങ്ങിൽ കേസ് പരിഗണിച്ച ജസ്റ്റിസുമാരായ ദേവൻ രാമചന്ദ്രൻ, കൗസർ എടപ്പഗത്ത് എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നവർക്കെതിരെ മണിക്കൂറിനകം എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന ഉത്തരവ് ഇന്റേണുകൾ, പിജി വിദ്യാർഥികൾ, ഹൗസ് സർജൻമാർ എന്നിവർക്കും ബാധകമാക്കണം. പ്രതികളെ മജിസ്ട്രേട്ടിനുമുന്നിൽ ഹാജരാക്കുമ്പോൾ പാലിക്കുന്ന പെരുമാറ്റച്ചട്ടങ്ങൾ ഡോക്ടർമാരുടെ മുന്നിൽ കൊണ്ടുവരുമ്പോഴും ആവശ്യമാണ്. സർക്കാർ നിലപാട് അറിയിക്കണം.

കേരള ഹെൽത്ത് കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് (2012) ഭേദഗതി ചെയ്യണമെന്ന ഉത്തരവിലെ പുരോഗതിയും ആരാഞ്ഞു. ഭേദഗതി സജീവ പരിഗണനയിലാണെന്നും ഉടൻ തീരുമാനമുണ്ടാകുമെന്നും സർക്കാർ അഭിഭാഷകൻ അറിയിച്ചു.

ഡോക്ടർമാരെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ ആശുപത്രികൾ അടച്ചുപൂട്ടണമെന്ന് കോടതി വാക്കാൽ പറഞ്ഞു. പൊലീസിന്റെ കൈയിൽ തോക്കില്ലായിരുന്നോ എന്നും ചോദിച്ചു. പെരുമാറ്റച്ചട്ടം പാലിച്ചാണ് സന്ദീപിനെ ഡോക്ടറുടെ മുന്നിൽ എത്തിച്ചതെന്നും പ്രതികളെ വൈദ്യപരിശോധനക്ക് ഹാജരാക്കുമ്പോൾ പൊലീസ് മാറി നിൽക്കണമെന്ന ഉത്തരവുണ്ടെന്നും സർക്കാർ അഭിഭാഷകൻ വിശദീകരിച്ചു. സർക്കാരിന് വേണ്ടി സീനിയർ ഗവ പ്ലീഡർ കണ്ണൻ ഹാജരായി. ഡോക്ടറുടെ മരണത്തിൽ അനുശോചിക്കുന്നതായും കോടതി വ്യക്തമാക്കി.

സന്ദീപിനെ ആശുപത്രിയിൽ എത്തിച്ചത് പ്രതിയായിട്ടല്ല: എഡിജിപി

- പെട്ടെന്നുള്ള ആക്രമണമായതിനാൽ ഡോ. വന്ദനയ്ക്ക് ഓടിമാറാനായില്ല

കൊച്ചി

ഡോ. വന്ദന ദാസിനെ കുത്തിക്കൊന്ന എസ് സന്ദീപിനെ ആശുപത്രിയിൽ എത്തിച്ചത് പ്രതിയായിട്ടായിരുന്നില്ലെന്ന് എഡിജിപി എം ആർ അജിത് കുമാർ പറഞ്ഞു. ആരൊക്കെയോ ആക്രമിച്ച് കൊല്ലാൻ ശ്രമിക്കുന്നുവെന്ന് സന്ദീപ് പുലർച്ചെ പൊലീസ് കൺട്രോൾ റൂമിൽ വിളിച്ചറിയിച്ചു. അന്വേഷിക്കാനെത്തിയ പൊലീസ് വീടിന് അരക്കിലോമീറ്റർ മാറി മറ്റൊരു വീടിനുമുന്നിൽ വടിയുമായി നിൽക്കുന്ന സന്ദീപിനെയാണ് കണ്ടത്. ഇയാൾക്ക് മുറിവേറ്റിരുന്നു. ഒരു ബന്ധുവിനൊപ്പം ജീപ്പിൽ താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കായി എത്തിച്ചു.

ഡോക്ടർ മുറിവ് ഡ്രസ് ചെയ്യുന്നതിനിടെയായിരുന്നു ആദ്യ ആക്രമണം. കാരണമില്ലാതെ പ്രകോപിതനായ പ്രതി കിടക്കയിലുണ്ടായിരുന്നു കത്രിക ഉപയോഗിച്ച് സമീപത്തുനിന്നിരുന്ന പൊലീസുകാരനെയും ഹോം ഗാർഡിനെയും കുത്തി. ആദ്യം കുത്തേറ്റത് കൂടെയുണ്ടായിരുന്ന പൊലീസ് കോൺസ്റ്റബിളിനാണ്. തുടർന്ന് ഡോക്ടറെയും കുത്തി. പെട്ടെന്നുള്ള ആക്രമണമായതിനാൽ ഡോ. വന്ദനയ്ക്ക് ഓടിമാറാനായില്ല. ആശുപത്രിയിൽ പൊലീസ് എയ്ഡ് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസുകാരനും ഉടൻ സ്ഥലത്തെത്തി. അധ്യാപകനായ പ്രതി മദ്യപാനിയാണ്. സംഭവത്തിൽ പൊലീസിന്റ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല'–എഡിജിപി കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. സിറ്റി പൊലീസ് കമീഷണർ കെ സേതുരാമനും ഒപ്പമുണ്ടായിരുന്നു.

ദുരന്തമുഖത്തും വിവാദം; വാക്കുകൾ വളച്ചൊടിച്ചു: മന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഒരു പെൺകുട്ടി ദാരുണമായി കൊല്ലപ്പെട്ട ദുഃഖകരമായ സാഹചര്യത്തിൽ പറഞ്ഞ വാക്കുകൾ വളച്ചൊടിച്ച് വിവാദമുണ്ടാക്കാൻ ശ്രമിക്കുന്നത് ക്രൂരതയാണെന്ന് മന്ത്രി വീണാ ജോർജ്. ഇക്കാര്യം മാധ്യമങ്ങളുടെ തലപ്പത്തുള്ളവരും പ്രതിപക്ഷവും ചിന്തിക്കണമെന്നും ദുരന്തമുഖത്തുപോലും വിവാദമുണ്ടാക്കാനുള്ള നികൃഷ്ട മനസ്സാണ് ഇവിടെ വെളിവാകുന്നതെന്നും മന്ത്രി പ്രതികരിച്ചു.

"പൊലീസ് എയ്ഡ് പോസ്റ്റ് ഒക്കെയുള്ള ഹോസ്പിറ്റലാണ്. പൊലീസ് കൊണ്ടുവന്ന പ്രതിയാണല്ലോ. അവിടെ സിഎംഒയും മറ്റ് ആരോഗ്യപ്രവർത്തകരും ഉണ്ടായിരുന്നു. ഈ മോൾ ഒരു ഹൗസ് സർജൻ ആണ്. അത്ര എക്സ്പീരിയൻസ്ഡ് അല്ല. അതുകൊണ്ട് ഇങ്ങനെയൊരു ആക്രമണം ഉണ്ടായപ്പോൾ ഭയന്നിട്ടുണ്ട് എന്നാണ് ഡോക്ടർമാർ അവിടെനിന്ന് അറിയിച്ചിട്ടുള്ള വിവരം. അങ്ങനെ വളരെ വിഷമകരമായിട്ടുള്ള ഒരു സംഭവമാണ്." കൊല്ലത്ത് ഡോ. വന്ദന കൊല്ലപ്പെട്ട സംഭവത്തിൽ തന്റെ വാക്കുകൾ ഇതായിരുന്നു. മാധ്യമങ്ങൾ വാക്കുകൾ വളച്ചൊടിച്ച് പ്രചരിപ്പിക്കുമ്പോൾ ജനങ്ങൾ വസ്തുത മനസ്സിലാക്കണമെന്നും മന്ത്രി പറഞ്ഞു.

അത്യന്തം വേദനാജനകം

തിരുവനന്തപുരം

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ യുവ വനിതാ ഡോക്ടർ വന്ദന ദാസ് ഡ്യൂട്ടിക്കിടെ ദാരുണമായി കൊല്ലപ്പെട്ട സംഭവം നടുക്കമുണ്ടാക്കുന്നതും അത്യന്തം വേദനാജനകവുമാണെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കുമെതിരെ ഉണ്ടാകുന്ന ആക്രമണങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

കൊല്ലപ്പെട്ട ഡോക്ടർ വന്ദന ദാസിന്റെ കുടുംബത്തിന്റെയും സഹപ്രവർത്തകരുടെയും നാടിന്റെയും ദുഃഖത്തിൽ പങ്കുചേരുന്നു. ആക്രമണം തടയാൻ ശ്രമിച്ച പൊലീസ് ഉദ്യോഗസ്ഥർ അടക്കമുള്ള പരിക്കേറ്റ മുഴുവൻപേർക്കും എല്ലാ ചികിത്സയും ഉറപ്പാക്കണമെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

മാധ്യമങ്ങൾക്ക് മനുഷ്യത്വം നഷ്ടമാകുന്നു

കണ്ണൂർ

ഡോക്ടർ കുത്തേറ്റുമരിച്ച സംഭവത്തിൽ മന്ത്രിയുടെ പ്രസ്താവനയിലെ ചില വാക്കുകൾ അടർത്തിയെടുത്ത് സർക്കാരിനെതിരെ ക്യാമ്പയിൻ നടത്താനാണ് മാധ്യമങ്ങളും ചില രാഷ്ട്രീയ പാർടികളും ശ്രമിച്ചതെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു.

മനുഷ്യത്വത്തിന്റെ കണികപോലും അവശേഷിക്കാത്ത രീതിയിലാണ് ഇക്കാര്യത്തിൽ മാധ്യമങ്ങൾ പ്രവർത്തിച്ചത്. അത്യന്തം ദാരുണമായ സംഭവത്തെ സർക്കാരിനെതിരെ തിരിക്കാനുള്ള ശ്രമമാണ് ഇക്കൂട്ടർ നടത്തിയത്. ഇവരെക്കുറിച്ച് ഒന്നും പറയാനില്ല. ജനങ്ങൾ വിലയിരുത്തട്ടെയെന്നും കണ്ണൂരിൽ എൽഡിഎഫ് റാലിയിൽ എം വി ഗോവിന്ദൻ പറഞ്ഞു.

ദുരന്തത്തിലും ചോര കുടിക്കാൻ

തിരുവനന്തപുരം

ഡ്യൂട്ടിയിലായിരുന്ന ഹൗസ് സർജനെ കുത്തിക്കൊലപ്പെടുത്തിയ, കേരളത്തിന്റെ ഹൃദയം ഭേദിച്ച ദാരുണസംഭവത്തിലും അസത്യപ്രചാരണത്തിലൂടെ മുതലെടുപ്പിന് ശ്രമം. നിജസ്ഥിതി അറിയാവുന്ന പ്രതിപക്ഷ നേതാക്കളും വലിയ വിഭാഗം മാധ്യമങ്ങളുംതന്നെയാണ് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതിനുപകരം പൊലീസിനും ആരോഗ്യമന്ത്രിക്കുമെതിരെ ജനവികാരം ഇളക്കാൻ നോക്കിയത്.

റിമാൻഡ് പ്രതിയെ കൈയാമം വയ്ക്കാത്തതിനാലാണ് അക്രമമുണ്ടായതെന്ന് രമേശ് ചെന്നിത്തലയടക്കം കോൺഗ്രസ് നേതാക്കളും മാധ്യമങ്ങളും പ്രചരിപ്പിച്ചത്. എന്നാൽ, ഇയാൾ പരാതിക്കാരനാണെന്നും കാലിലുണ്ടായിരുന്ന മുറിവ് ചികിത്സിക്കാനാണ് ആശുപത്രിയിലെത്തിച്ചതെന്നും പൊലീസ് വ്യക്തമാക്കിയിട്ടുണ്ട്. ലഹരിക്കടിമയായ ഇയാൾ ചികിത്സയ്ക്കിടെ പെട്ടെന്ന് ബന്ധുവിനെയും ഗാർഡിനെയും പൊലീസുകാരെയും കുത്തി.

ജീവനക്കാരും പൊലീസുകാരും തന്നെയാണ് ഇയാളെ കീഴ്പ്പെടുത്തിയത്. എഡിജിപി അജിത്കുമാർ സ്ഥലത്തെത്തി ഇക്കാര്യങ്ങൾ വിശദമാക്കിയതോടെ മാധ്യമങ്ങൾ ആരോഗ്യമന്ത്രി വീണാ ജോർജിനെതിരെ തിരിഞ്ഞു. സന്ദർഭം വിശദമാക്കിയ മന്ത്രി ആക്രമണത്തെ അപലപിച്ചു. എന്നാൽ, പതിവുപോലെ ദാരുണ സന്ദർഭങ്ങളെയും ഔചിത്യമില്ലാതെ മുതലെടുപ്പിന് ശ്രമിക്കുന്ന നിലപാടാണ് മാധ്യമങ്ങളും പ്രതിപക്ഷവും ശ്രമിക്കുന്നതെന്ന ചർച്ചയും ശക്തമായി.